## കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.562 06.02.2013-ൽ മറുപടിയ്ക്ക്**

**കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന വിഹിതം.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ)കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കനുവദിക്കുന്ന വിഹിതത്തിൽ കുറവുണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങളനുസരിച്ച് കേന്ദ്ര നികുതി (തനി) സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നത് മുഖ്യമായും ജനസംഖ്യയുടേയും വരുമാന അന്തരത്തിന്റേയും (ഫിസ്ക്കൽ കപ്പാസിറ്റി ഡിസ്റ്റൻസ്) അടിസ്ഥാനത്തിലാണ്. ജനസംഖ്യയ്ക്ക് കുറഞ്ഞ വെയിറ്റേജും (25 ശതമാനം) വരുമാന അന്തരത്തിന് ഉയർന്ന വെയിറ്റേജും (47.5 ശതമാനം) നൽകുന്നതു മൂലമാണ് പ്രതിശീർഷ വരുമാനം ഉയർന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് കുറഞ്ഞ നികുതി വിഹിതം ലഭിക്കുന്നതിനുള്ള പ്രധാനമായ കാരണം. കൂടാതെ, ഭൂവിസ്തീർണ്ണത്തിനു 10 ശതമാനം, സാമ്പത്തിക അച്ചടക്കത്തിനു 17.5 ശതമാനം വെയിറ്റേജ് എന്നിവയും സംസ്ഥാനത്തിന് അനുകൂലമായ ഘടകങ്ങളല്ല. |
| (ബി) നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വേണമെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ എപ്രകാരമുള്ള മാറ്റമാണ് ഗുണകരമെന്ന് പരിശോധിച്ചിട്ടുണ്ടോ; | ഉണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ എടുത്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനസംഖ്യയ്ക്ക് ഉയർന്ന വെയിറ്റേജും, വരുമാന അന്തരം (ഫിസ്ക്കൽ കപ്പാസിറ്റി ഡിസ്റ്റൻസ്), ഭൂവിസ്തൃതി, സാമ്പത്തിക |

| | |
|---|---|
| | അച്ചടക്കം (Fiscal Discipline) തുടങ്ങിയവയ്ക്ക് കുറഞ്ഞ വെയിറ്റേജും നൽകിയാൽ സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇവ പരിശോധിക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതി എന്തൊക്കെ കാര്യങ്ങളാവും പരിശോധിക്കുക എന്ന് വ്യക്തമാക്കുമോ; | ഈ വിഷയം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫലപ്രദമായി ധനകാര്യ കമ്മീഷൻ മുൻപാകെ അവതരിപ്പിക്കുവാൻ ബഹു: ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു "മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി" രൂപീകരിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷനു മുൻപിൽ അവതരിപ്പിക്കേണ്ടുന്ന സംസ്ഥാനത്തിൻെറ ആവശ്യങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച് സ്വീകരിക്കേണ്ടുന്ന സമീപനവും തന്ത്രവും ഈ കമ്മിറ്റി പരിശോധിച്ചുവരുന്നു. |

അക്കൗണ്ട്സ് ഓഫീസർ